**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം **നം.2627** — **12.02.2019** -ൽ മറുപടിയ്ക്ക്

**അക്കേഷ്യ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | അഡ്വ. കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അക്കേഷ്യ മരം വരൾച്ചക്ക് കാരണമാകുന്നതായി ശാസ്ത്രീയമായ ഏതെങ്കിലും പഠനം വഴി വനം വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) അക്കേഷ്യ മരം വരൾച്ചക്ക് കാരണമാകുന്നതായി ശാസ്ത്രീയമായ പഠനം വഴി വനം വകുപ്പ് സ്ഥിരീകരിച്ചിട്ടില്ല. |
| (ബി) അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) 2012 – 13 മുതൽ 'വനദീപ്തി' എന്ന പദ്ധതി കേരള വനം വകുപ്പ് നടപ്പിലാക്കി വരുന്നു. നിലവിൽ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്ന തോട്ടങ്ങളിൽ തദ്ദേശീയ ഫലവൃക്ഷങ്ങളും ഔഷധ വൃക്ഷങ്ങളും വിവിധയിനം വൃക്ഷങ്ങളും നട്ടുപിടിപ്പിക്കുന്ന പദ്ധതിയാണ് 'വനദീപ്തി'. കൊല്ലം ജില്ലയിലെ പത്തുപാറ എന്ന സ്ഥലത്ത് 2012 – 13 വർഷത്തിൽ 5.7 ഹെക്ടറും തിരുവനന്തപുരം ജില്ലയിൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് 2013 – 14 വർഷത്തിൽ 20.8 ഹെക്ടറും ഇപ്രകാരമുള്ള വനദീപ്തി തോട്ടങ്ങൾ ഉണ്ടാക്കി പരിപാലിച്ചു വരുന്നുണ്ട്. കൂടാതെ 2017 – 18 മുതൽ ജനവാസ കേന്ദ്രങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ അക്കേഷ്യ തോട്ടങ്ങൾ വെട്ടിമാറ്റി മലവേപ്പ് തുടങ്ങിയ പ്രാദേശിക വൃക്ഷങ്ങൾ വെച്ചു പിടിപ്പിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ